## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3320** 24.02.2016 -ലെ മറുപടിക്ക്.

## ശ്രീ.ജോസഫ് മാതൃു പെരുമ്പ്രായിൽ നൽകിയ പരാതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. ഇ.എസ്.ബിജിമോൾ | | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ ( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി ) | |
| (എ) | വനം വകുപ്പിലെ കോട്ടയം ഡിവിഷനിൽപ്പെട്ട എരുമേലി റേഞ്ചിൽ 2013 മുതലുള്ള തേക്ക് റീപ്ലാന്റിംഗിലെ അഴിമതിയെക്കുറിച്ചും ആദിവാസികളെ ചൂഷണം ചെയ്യുന്നതിനെക്കുറിച്ചും ശ്രീ.ജോസഫ് മാതൃു പെരുമ്പ്രായിൽ, കുറ്റിപ്ലാങ്ങാട് പി.ഒ., കൂട്ടിക്കൽ എന്ന ആൾ നൽകിയ പരാതി യിൻമേൽ എന്തു നടപടി സ്വീകരിച്ചു ; | (എ) | പരാതിയിൻമേൽ കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖാന്തിരം അന്വേഷണം നടത്തി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സംരക്ഷണം) റിപ്പോർട്ട് ലഭ്യമാക്കുക യുണ്ടായി. എന്നാൽ മേൽ റിപ്പോർട്ടിൽ കാര്യങ്ങൾ വ്യക്തമല്ലാത്തതിനാൽ കൂടുതൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ 14.09.2015 ലെ 7480/ബി1/15/വനം നമ്പർ കത്ത് പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വിജിലൻസ്) ന് നിർദ്ദേശം നൽകുകയുണ്ടായി. ഫോറസ്റ്റ് വിജിലൻസിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) | കൺവീനർ സിസ്റ്റത്തിൽ പണി നടക്കുന്നു എന്ന് രേഖകളിൽ കാണുകയും എന്നാൽ വനംവകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് പണം മുടക്കി മറ്റ് ആളുകളുടെ പേരിൽ ബില്ലുകൾ മാറുകയും ചെയ്യുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രീ. ജോസഫ് മാതൃു പെരുമ്പ്രാ യിലിന്റെ പരാതിയിൽ കൺവീനർ സിസ്റ്റത്തിൽ പണി നടക്കുന്നു എന്ന് രേഖകളിൽ കാണുകയും എന്നാൽ വനം വകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് പണം മുടക്കി മറ്റ് ആളുകളുടെ പേരിൽ ബില്ലുകൾ മാറുകയും ചെയ്യുന്നു എന്ന് ആരോപിച്ചിട്ടുണ്ടെങ്കിലും ഇതൊക്കെയും വാസ്തവ വിരുദ്ധമാണെന്ന് അഡീഷ |

| | | | |
|---|---|---|---|
| | | | ണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സംരക്ഷണം) ന്റെ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിലുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വിജിലൻസ്) ന്റെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല |
| **(സി)** | പ്ലാന്റിംഗ് ജോലികളിലെ അഴിമതി കാരണം നട്ട തേക്കിൻ തൈകളിൽ ഭൂരിപക്ഷവും നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | **(സി)** | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.